**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 957** **26-07-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ റീസർവ്വേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ റീ സർവ്വേ നടപടികൾ പൂർത്തീകരിക്കാത്തതിനാൽ സർക്കാർ ഭൂമി കയ്യേറ്റം ഉൾപ്പെടെ (വനഭൂമി പുറമ്പോക്ക്) റിപ്പോർട്ട് ചെയ്യുകയും ആയത് മൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുകയും ചെയ്യുന്ന സാഹചര്യത്തിൽ റീ സർവ്വേ പൂർത്തീകരിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | കോഴിക്കോട് ജില്ലയിൽ കോഴിക്കോട്, വടകര, കൊയിലാണ്ടി, താമരശ്ശേരി എന്നീ താലൂക്കുകളിലായി ആകെയുള്ള 118 വില്ലേജുകളിൽ 14 വില്ലേജുകളുടെയും, 4 ദേശങ്ങളുടെയും റീസർവ്വെ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി 104 വില്ലേജുകളുടെയും, 2 ദേശങ്ങളുടെയും റീസർവ്വെ ജോലികൾ ശേഷിക്കുന്നു. ഇതിൽ 2 വില്ലേജുകളുടെയും, 2 ദേശങ്ങളുടെയും റീസർവ്വെ ജോലികൾ പുരോഗമിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ ഭൂരേഖ തയ്യാറാക്കുക, ടി രേഖകൾ റവന്യൂ രജിസ്ട്രേഷൻ വകുപ്പുകളിലെ ഭൂസംബന്ധമായ സേവനങ്ങളുമായി സംയോജിപ്പിച്ച് മാപ്പ് ഉൾപ്പെടെയുള്ള സേവനം നൽകുക എന്ന ലക്ഷ്യത്തോടെ ഇന്റഗ്രേഷൻ ഓഫ് ലാൻഡ് റിക്കാർഡ്സ് സർവ്വീസ് ഡെലിവറി എന്ന പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. സർവ്വെ ഉപകരണങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് ആധുനിക സർവ്വെ സാങ്കേതിക വിദ്യയായ Continuously Operating Reference Station (CORS) നെറ്റ് വർക്ക് സംസ്ഥനത്ത് സ്ഥാപിക്കുന്നതിനും Real-time kinematic positioning (RTK) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വെ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വെ ഓഫ് ഇന്ത്യ മുഖേന ഇത് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിൽ ലൈസൻസ്ഡ് സർവ്വെയറുടെ കൂടി സേവനം വിനിയോഗിച്ച് സർവ്വെ ചെയ്യുന്നതിന് ലക്ഷ്യമിടുന്നതും പദ്ധതിക്കാവശ്യമായ തുക Rebuild Kerala Initiative (RKI) ൽ നിന്നും ലഭ്യമാക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | പരിഗണനയിലാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കോഴിക്കോട് ജില്ലയിൽ ശേഷിക്കുന്ന വില്ലേജുകളുടെ റീസർവ്വെ ജോലികൾക്ക് മുൻഗണന നൽകി കൂടുതൽ കൃത്യതയോടും സമയബന്ധിതമായും റീസർവ്വെ പ്രവർത്തനം പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ